മാധ്യമം

18 April 2017

# ‘മത്സ്യബന്ധന ഭരണനിർവഹണത്തിൽ ശാസ്ത്രജ്ഞരേക്കാൾ പങ്കു വഹിക്കുന്നത് രാഷ്ട്രീയം’



എറണാകുളം സി.എം.എഫ്.ആർ.ഐയിൽ ‘മത്സ്യബന്ധന മേഖലയിലെ ഭരണനിർവഹണം’ വിഷയത്തിൽ ഡച്ച് ശാസ്ത്രജ്ഞൻ പ്രഫ. ഡോ. മാർട്ടിൻ ബെയ്‌വിഞ്ചി സംസാരിക്കുന്നു

കൊച്ചി: മത്സ്യബന്ധന ഭരണനിർവഹണത്തിൽ ശാസ്ത്രജ്ഞരേക്കാൾ പങ്കു വഹിക്കുന്നത് രാഷ്ട്രീയമാണെന്ന് നെതർലൻഡ്സ് ആംസ്റ്റർഡാം സർവകലാശാലയിലെ ശാസ്ത്രജ്ഞൻ ഡോ. മാർട്ടിൻ ബാവിക്. മേഖലയെ സംരക്ഷിക്കാൻ ശാസ്ത്രപഠനം അടിസ്ഥാനമാക്കിയ ഭരണനിർവഹണത്തിന് പ്രാമുഖ്യം നൽകണം. ‘മത്സ്യബന്ധന മേഖലയിലെ ഭരണനിർവഹണം’ എന്ന വിഷയത്തിൽ സി.എം.എഫ്.ആർ.ഐയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെയും ശ്രീലങ്കയുടെയും സമുദ്രാതിർത്തിയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവസാനിക്കാത്തത് രാഷ്ട്രീയ കാരണങ്ങളാലാണ്. യാനങ്ങളുടെ വലുപ്പം കുറക്കുന്നതിന് തമിഴ്നാട് സർക്കാർ മുൻകൈയെടുക്കണം. വൻകിട മത്സ്യബന്ധന രീതികളെ നിരുത്സാഹപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് പ്രഭാഷണം സംഘടിപ്പിച്ചത്.